"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - തിരുവനന്തപുരം നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 03.07.2020 തീയതിയിൽ മരണപ്പെട്ട ശ്രീ.വർഗ്ഗീസ്.എം-ന്റെ മകൻ ശ്രീ.മനു.വി.എസ്- ന്റെ തസ്തിക മാറ്റത്തിനുള്ള അപേക്ഷ- സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.31/2025/LSGD തീയതി,തിരുവനന്തപുരം, 14-02-2025

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. 07.11.2022 തീയതിയിലെ സ.ഉ.(കൈ) നം.248/2022/തസ്വഭവ. നമ്പർ ഉത്തരവ്
3. 22.12.2022 തീയതിയിലെ സ.ഉ(കൈ)നം.277/2022/തസ്വഭവ നമ്പർ ഉത്തരവ്
4. ശ്രീ.മനു.വി.എസ്.സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത തസ്തിക മാറ്റത്തിനുള്ള അപേക്ഷ
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.12.2024 തീയതിയിലെ LSGD/PD/30566/2024-DEF7 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കവെ 03.07.2020 തീയതിയിൽ മരണപ്പെട്ട ശ്രീ.വർഗ്ഗീസ്.എം-ന്റെ മകൻ ശ്രീ.മനു.വി.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ടി ആശ്രിതനിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2. നാളിതുവരെയും ജോലി ലഭിക്കാത്തതിനാൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ അന്വേഷിച്ചപ്പോൾ പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തിക നിർത്തലാക്കിയെന്ന് അറിയാൻ സാധിച്ചതിനാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയ്ക്ക് പകരമായി സാനിറ്റേഷൻ വർക്കർ തസ്തികയിലേയ്ക്ക് ജോലി മാറ്റിത്തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.മനു.വി.എസ് പരാമർശം (4) അപേക്ഷ സമർപ്പിച്ചിരുന്നു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സാനിറ്റേഷൻ വർക്കർ തസ്തികയിലേയ്ക്ക് ശ്രീ.മനു.വി.എസ്.-ന് നിയമനം നൽകാവുന്നതാണെന്ന് ടി തസ്തികയിലെ

തിരുവനന്തപുരം ജില്ലയിലെ ഒഴിവു വിവരങ്ങൾ സഹിതം പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോർപ്പറേഷൻ, മുൻസിപ്പാലിറ്റികളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ജീവനക്കാർ വിരമിക്കുന്നത് മുഖേന വരുന്ന ഒഴിവുകളിൽ 283 തസ്തിക നിയമനം നടത്താതെ ഒഴിവാക്കുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായ സാഹചര്യത്തിലും, വകുപ്പിൽ ജീവനക്കാരുടെ വിരമിക്കൽ മുഖേനയാണ് കൂടുതൽ ഒഴിവുകൾ വരുന്നതിനാലും, വിരമിക്കൽ ഒഴിവിൽ നിയമനം നൽകരുതെന്നുള്ള ഉത്തരവ് ഉള്ളതിനാലും മുൻസിപ്പൽ കോമൺ സർവ്വീസിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിനായുള്ള ഉത്തരവുകൾ നടപ്പാക്കുന്നതിന് അനന്തമായ കാലതാമസം നേരിടുന്നതിനും ഉത്തരവായ ജില്ലയിൽ നിയമനം നൽകുന്നതിനു സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ശ്രീ.മനു.വി.എസ് ടിയാന് സാനിറ്റേഷൻ വർക്കർ തസ്തികയിലേയ്ക്ക് ജോലി മാറ്റി നൽകുന്നതിന് സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ പരാമർശം (2) ഉത്തരവിൽ ഭേദഗതി വരുത്തി, തിരുവനന്തപുരം നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കവെ 03.07.2020 തീയതിയിൽ മരണപ്പെട്ട ശ്രീ.വർഗ്ഗീസ്.എം-ന്റെ മകൻ ശ്രീ.മനു.വി.എസ് -ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%- ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പകർപ്പ് :
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ,തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) കേരള, തൃശ്ശൂർ
ശ്രീ.മനു.വി.എസ് (മഞ്ജു നിവാസ്, ആലന്തറക്കോണം, പേയാട് പി.ഒ, വിളവൂർക്കൽ, മലയിൻകീഴ്, തിരുവനന്തപുരം, പിൻ-695573)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 15-02-2025 10:26:36
സെക്ഷൻ ഓഫീസർ